# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 26 | 2021 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്-4

ഫോൺ : 04735-202664
*www.sabarimala.kerala.gov.in*
*prdsabarimala2021@gmail.com*

### മണ്ഡലപൂജ ഉത്സവത്തിന് സമാപനം;
### നട ഇനി 30 ന് തുറക്കും

ശരണംവിളികളാൽ മുഖരിതമായ 41 ദിവസത്തിനൊടുവിൽ മണ്ഡലകാല തീർഥാടനത്തിന് സമാപനംകുറിച്ച് മണ്ഡലപൂജ ഇന്നലെ(26) നടന്നു. പകൽ 11.50 നും 12.40 നും മധ്യേയുള്ള മീനം രാശി മുഹൂർത്തത്തിലാണ് തന്ത്രി കണ്ഠര് മഹേഷ് മോഹനരുടെ മുഖ്യകാർമ്മികത്വത്തിൽ തങ്കഅങ്കി ചാർത്തി മണ്ഡലപൂജ നടന്നത്. മേൽശാന്തി എൻ. പരമേശ്വരൻ നമ്പൂതിരി സഹകാർമ്മികനായി. കലശാഭിഷേകംവും വിശേഷാൽ കളഷാഭിഷേകവും പൂർത്തിയാക്കിയശേഷം തങ്കഅങ്കി ചാർത്തിയുള്ള ഉച്ചപൂജയും പൂർത്തിയായതോടെയാണ് മണ്ഡല പൂജ സമാപിച്ചത്.

ദേവസ്വം വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ, സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ, മനോജ് ചരളേൽ, പി.എം. തങ്കപ്പൻ, ശബരിമല സ്പെഷ്യൽ കമ്മിഷണർ മനോജ്, കോട്ടയം ജില്ലാ കലക്ടർ ഡോ. പി.കെ. ജയശ്രീ, എഡിജിപി എസ്. ശ്രീജിത്ത് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

തിരുവിതാംകൂർ മഹാരാജാവായിരുന്ന ചിത്തിര തിരുനാൾ ബാലരാമ

വർമയാണ് 1973ൽ തങ്കഅങ്കി നടയ്ക്കുവച്ചത്. മണ്ഡലപൂജയ്ക്കു ചാർത്താനായി തയാറാക്കിയ തങ്കഅങ്കി 450 പവൻ തൂക്കമുള്ളതാണ്. മണ്ഡലപൂജ കഴിഞ്ഞ് ഉച്ചക്ക് ഒന്നരയോടെ നട അടച്ചു. വൈകിട്ട് നാലിന് ക്ഷേത്ര നട വീ  ും തുറന്ന് 6.30ന് ദീപാരാധന. തുടർന്ന് അത്താഴപൂജക്ക് ശേഷം ഹരിവരാസനം പാടി രാത്രി 10ന് ക്ഷേത്രനട അടക്കുന്നതോടെ മണ്ഡലകാല ഉത്സവത്തിന് പരിസമാപ്തി. ഇനി മകരവിളക്ക് ഉത്സവത്തിനായി 30ന് വൈകിട്ട് അഞ്ചിന് നടതുറക്കും. 31 മുതൽ ഭക്തർക്ക് പ്രവേശനം ഉ  ാകും. ജനുവരി 14 നാണ് മകരവിളക്ക്.

## 31 മുതൽ കാനന പാതകളിലൂടെ തീർത്ഥാടനം അനുവദിക്കും: മന്ത്രി കെ. രാധാകൃഷ്ണൻ

മകരവിളക്ക് മഹോത്സവ തീർത്ഥാടന കാലത്ത് കാനന പാതകളിലൂടെ തീർത്ഥാടനം അനുവദിക്കുമെന്ന് ദേവസ്വം മന്ത്രി കെ. രാധാകൃഷ്ണൻ മാധ്യമങ്ങളോട് പറഞ്ഞു. മന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം. എരുമേലി, മുക്കുഴി, അഴുതക്കടവ് പാതകളിലൂടെ ഈ മാസം 31 മുതൽ തീർത്ഥാടനം അനുവദിക്കും. സത്രം വഴിയുള്ള തീർത്ഥാടനത്തിന് സർക്കാരിൽനിന്നും ഇനിയും അനുമതി ലഭിക്കേ  തു  ്. ഈ പാതയും ഈ മാസം 30ന് മുമ്പ് സഞ്ചാരയോഗ്യമാക്കും.

ഈ പാതകളെല്ലാം തന്നെ ഈമാസം 30ന് മുമ്പ് സഞ്ചാരയോഗ്യമാക്കണമെന്ന് യോഗത്തിൽ വനംവകുപ്പ് ഉദ്യോഗസ്ഥരോട് മന്ത്രി നിർദ്ദേശിച്ചു. ഈ മേഖലയിലും കുടിവെള്ളം, വെളിച്ചം, ചികിത്സാസഹായം എന്നിവ ഉറപ്പാക്കണം. തീർത്ഥാടകർക്ക് ആവശ്യമായ സംരക്ഷണം ഉറപ്പാക്കാൻ പോലീസും ശ്രദ്ധിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. മണ്ഡല പൂജക്കാലത്ത് നല്ല രീതിയിൽ തീർത്ഥാടകർക്ക് സൗകര്യങ്ങളൊരുക്കാൻ കഴിഞ്ഞു. എന്നാൽ ഇനിയിതു മതിയാകില്ല. നിയന്ത്രണങ്ങളിൽ ഇളവ് വന്ന സാഹചര്യത്തിൽ മകരവിളക്ക് കാലത്ത് കൂടുതൽ തീർത്ഥാടകർ സന്നിധാനത്തേക്കെത്തും. അതനുസരിച്ചുള്ള മുൻകരുതലുകൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കണമെന്നും മന്ത്രി

ഓർമ്മപ്പെടുത്തി.

സന്നിധാനത്തെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കോൺഫറൻസ് ഹാളിൽ നടന്ന ഉന്നതതല യോഗത്തിൽ സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ, മനോജ് ചരളേൽ, പി.എം. തങ്കപ്പൻ, ശബരിമല സ്പെഷ്യൽ കമ്മിഷണർ മനോജ്, കോട്ടയം ജില്ലാ കലക്ടർ ഡോ. പി.കെ. ജയശ്രീ, എഡിജിപി എസ്. ശ്രീജിത്ത് എന്നിവരും സന്നിഹിതരായിരുന്നു.

18 കിലോമീറ്റർ നീളമുള്ള അഴുതക്കടവ് - പമ്പ പാത സഞ്ചാരയോഗ്യമാക്കിയതായി വനംവകുപ്പ് ഉദ്യോഗസ്ഥർ വിശദീകരിച്ചു. ഈ പാതയിലെ അപകടകരമായ മരങ്ങൾ മുറിച്ച് നീക്കിക്കഴിഞ്ഞു. ഇതുവഴി തീർത്ഥാടകരെ രാവിലെ ഏഴ് മുതൽ ഉച്ചയ്ക്ക് 12 വരെമാത്രമേ കടത്തിവിടുകയുള്ളൂ. എരുമേലിയിൽനിന്നും പുലർച്ചെ 5.30 നും 10.30 നും ഇടയിൽ യാത്ര ആരംഭിക്കുന്നവരെയാണ് അഴുതക്കടവിലൂടെ യാത്രചെയ്യാൻ അനുവദിക്കുന്നത്. വെർചൽ ക്യൂവിൽ രജിസ്റ്റർ ചെയ്ത 10,000 പേർക്കാണ് പ്രതിദിനം ഈ പാതവഴി യാത്ര ചെയ്യാനാകുക. തീർത്ഥാടകരെ കൂട്ടം കൂട്ടമായേ യാത്രചെയ്യാൻ അനുവദിക്കാവൂവെന്നും യാത്രവേളയിൽ വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉ ാകണമെന്നും യോഗത്തിൽ തീരുമാനമായി. പുല്ലുമേടിൽനിന്നും ശബരിമല വരെയുള്ള റോഡ് നന്നാക്കിക്കഴിഞ്ഞു. സത്രം - പുല്ലുമേട് വീഥിയാണ് ഇനി സഞ്ചാരയോഗ്യമാക്കേ ത്. ആ പ്രവൃത്തിയും 30 നകം പൂർത്തിയാക്കാൻ യോഗം നിർദ്ദേശം നൽകി.

ഈ പ്രദേശത്ത് ആവശ്യമായ വൈദ്യസഹായം ഏർപ്പെടുത്തുന്നതിനും കൂടുതൽ എമർജൻസി മെഡിക്കൽ സെന്ററുകളും പോലീസ് എയ്ഡ് പോസ്റ്റുകളും സ്ഥാപിക്കുന്നതിനും യോഗം നിർദ്ദേശിച്ചു. കോവിഡ് പശ്ചാത്തലത്തിൽ തീർത്ഥാടകർക്ക് ശ്വാസതടസവുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങൾ ഉ ായാൽ ടിഎംടി പരിശോധന അടക്കമുള്ള അടിയന്തര വൈദ്യസഹായം ലഭ്യമാക്കുന്നതിനും നടപടിയെടുക്കും. കൂടുതൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരേയും പാരാമെഡിക്കൽ ഉദ്യോഗസ്ഥരേയും മകരവിളക്ക് കാലത്ത് ഡ്യൂട്ടിക്ക് നിയോഗിക്കുമെന്ന് ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. കൂടുതൽ ആംബുലൻസുകളുടെ സേവനവും ഉറപ്പാക്കും. കരിമലയിൽ ജനുവരി ഒന്നു മുതൽ കൂടുതൽ ഡോക്ടർമാരേയും ജീവനക്കാരേയും നിയോഗിക്കും. നീലിമല, അപ്പാച്ചിമേട്, മരക്കൂട്ടം എന്നിവിടങ്ങളിലെ ഇ.എം.സികൾ കൂടുതൽ ശക്തിപ്പെടുത്തും.

കാനനപാതയിൽ കെ.എസ്.ഇ.ബി. 70 വൈദ്യുതപോസ്റ്റുകളാണ് സ്ഥാപിച്ചിരുന്നത്. അതിൽ 50 ഉം കാട്ടാനകൾ മറിച്ചിട്ടിട്ടു ്. ഇവ

പുനസ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിച്ചതായും ര ുദിവസത്തിനകം ഇത് പൂർത്തിയാക്കുമെന്നും ഉദ്യോഗസ്ഥർ ഉറപ്പുനൽകി. കുടിവെള്ള വിതരണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കിയതായും കൂടുതൽ തീർത്ഥാടകർ എത്തിയാലും ജലലഭ്യതയ്ക്ക് തടസമു ാകില്ലെന്ന് പ്രതിദിനം ഉറപ്പാക്കിവരുന്നതായും ജല അതോറിട്ടി ഉദ്യോഗസ്ഥരും യോഗത്തിൽ വിശദീകരിച്ചു. കൂടുതൽ ഭക്തർ തീർത്ഥാടകരായി എത്താൻ സാധ്യതയുള്ള സാഹചര്യത്തിൽ ഇവർക്കുള്ള ശൗചാലയങ്ങളുടെ കാര്യത്തിലും പ്രത്യേകം ശ്രദ്ധിക്കേ തു ്. ചരൽമേടിലെ ദേവസ്വം ബോർഡ് വക ശൗചാലയവും 30ന് മുമ്പ് പ്രവർത്തനയോഗ്യമാക്കണം. ലേലംകൊള്ളാൻ ആളെത്താത്തതിനാൽ അടഞ്ഞ് കിടക്കുന്ന ഈ ശൗചാലയം ബോർഡിന്റെ തൊഴിലാളികളെ ഉപയോഗിച്ച് നടത്തിക്കാനും യോഗം അനുമതി നൽകി.

റവന്യൂ, അഗ്നി സുരക്ഷാ ഫോഴ്സ്, ഭക്ഷ്യസുരക്ഷാ വിഭാഗം, ദേശീയ ദുരന്തസേന, സിആർപിഎഫ്-ആർഎഎഫ്, ദേവസ്വം ബോർഡ്, തുടങ്ങി ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലെയും ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.